"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണവകുപ്പ് - തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി ഈഞ്ചയ്ക്കൽ ബസ് ടെർമിനൽ നിർമ്മാണത്തിനു വേണ്ടി ഭൂമി പൊന്നുംവിലയ്ക്കെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ 167/07 കേസിൽ ബാക്കി തുക അടവാക്കുന്നതിലേക്കായി 38,809/- രൂപ (മുപ്പത്തി എണ്ണായിരത്തി എണ്ണൂറ്റി ഒൻപത് രൂപ മാത്രം) അനുവദിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

**G.O.(Rt)No.187/2026/LSGD** തീയതി,തിരുവനന്തപുരം, **22-01-2026**

---

പരാമർശം:-
1. 21.07.2023-ലെ സ.ഉ(സാധാ)നം. 1489/2023/LSGD ഉത്തരവ്
2. തിരുവനന്തപുരം ജില്ലാകളക്ടറുടെ 12.02.2024- ലെ K1-91211/11 നമ്പർ കത്ത്
3. തിരുവനന്തപുരം ജില്ലാകളക്ടറുടെ 19.10.2024- ലെ K1-8669/11 നമ്പർ കത്ത്
4. 23.10.2024 -ലെ സ.ഉ.(സാ.ധാ)നം. 2026/2024 / തസ്വഭവ ഉത്തരവ്
5. 18.12.2024-ലെ GO(Rt) 2491/2024/LSGD ഉത്തരവ്
6. 18-02-2025 ലെ G.O.(Rt)No.1531/2025/Fin ഉത്തരവ്
7. 23.02.2025-ലെ GO(Rt) No. 537/2025/LSGD ഉത്തരവ്
8. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 25.11.2025-ലെ LSGD/PD/44614/2024-REV5 നമ്പർ കത്ത്
9. തിരുവനന്തപുരം ജില്ലാകളക്ടറുടെ 03.01.2026- ലെ K1-8669/11 നമ്പർ കത്ത്
10. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 05.01.2026-ലെ LSGD/PD/44614/2024-REV5 നമ്പർ കത്ത്
11. 16.01.2026 ലെ G.O.(Rt)No.446/2026/Fin നമ്പർ ഉത്തരവ്

**<u>ഉത്തരവ്</u>**

ഈഞ്ചയ്ക്കൽ ബസ് ടെർമിനൽ നിർമ്മാണത്തിനു വേണ്ടി ഭൂമി പൊന്നും വിലയ്ക്കെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ 167/07 നം. കേസിൽ

നഷ്ടപരിഹാര തുക നൽകുന്നതിന് **31.05.2023**-വരെ പലിശ കണക്കാക്കിയതിൻ പ്രകാരമുള്ള **Rs.5,35,91,000/-** രൂപ അനുവദിച്ചു നൽകി പരാമർശം **(1)** പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത തുക എൽ.എ ഡെപ്യൂട്ടി കളക്ടറുടെ **25.08.2023**-ലെ നടപടിക്രമം അനുസരിച്ച് **06.09.2023**-ന് തിരുവനന്തപുരം സബ്കോടതിയിൽ നിക്ഷേപിച്ചിരുന്നു. എന്നാൽ അനുവദിക്കപ്പെട്ട തുക പൂർണ്ണമായും നഷ്ടപരിഹാര തുക ഒടുക്കുന്നതിനു **06.09.2023**-ന് പര്യാപ്തമാകാതിരുന്ന സാഹചര്യത്തിൽ ബാക്കി തുക **(9,62,989** രൂപ**)** ഉത്തരവ് തീയതി **(09.10.2023)** മുതൽ മൂന്നുമാസത്തിനകം കെട്ടിവയ്ക്കുണമെന്ന വ്യവസ്ഥയിൽ എൽ.എ.ആർ **167/07** നം. കേസുമായി ബന്ധപ്പെട്ട **EP 86/2019** നം. കേസ് തീർപ്പാക്കിയിട്ടുള്ളതാണ് എന്നും പ്രസ്തുത കാലാവധി അവസാനിച്ച സാഹചര്യത്തിൽ ഈ തുക അടിയന്തരമായി അനുവദിക്കണമെന്നും തിരുവനന്തപുരം ജില്ലാ കളക്ടർ പരാമർശം **(2)** പ്രകാരം ആവശ്യപ്പെട്ടിരുന്നു.

**2.** എൽ.എ.ആർ **167/07** ഉൾപ്പെടെ ഈഞ്ചയ്ക്കൽ ബസ് ടെർമിനൽ നിർമ്മാണത്തിനു വേണ്ടി സ്വകാര്യവ്യക്തികളിൽ നിന്നും ഭൂമി പൊന്നുംവിലയ്ക്കെടുത്തതുമായി ബന്ധപ്പെട്ട മറ്റ് എൽ.എ.ആർ കേസുകളിൽ **(431/07, 358/07, 187/07, 345/07)** കോടതി വിധി പ്രകാരമുള്ള തുക അടവാക്കുന്നതിനു **30.11.2024** വരെ അധികരിച്ച തീയതി അടിസ്ഥാനപ്പെടുത്തി പലിശകണക്കാക്കി തിരുവനന്തപുരം ജില്ലാകളക്ടർ പരാമർശം**(3)** പ്രകാരം സമർപ്പിച്ച പ്രൊപോസലിന്റെ അടിസ്ഥാനത്തിൽ ആയതിന് **33,75,99,631/-** രൂപയുടെ (മുപ്പത്തി മൂന്ന് കോടി എഴുപത്തി അഞ്ച് ലക്ഷത്തി തൊണ്ണൂറ്റി ഒൻപതായിരത്തി അറുനൂറ്റി മുപ്പത്തൊന്ന് രൂപ മാത്രം) ഭരണാനുമതി നൽകി പരാമർശം **(4)** പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. മേൽ പറഞ്ഞ എൽ.എ.ആർ കേസുകളിൽ കോടതി വിധി പ്രകാരമുള്ള തുക അടവാക്കുന്നതിനു **33,75,99,631/-**രൂപ (മുപ്പത്തി മൂന്ന് കോടി എഴുപത്തി അഞ്ച് ലക്ഷത്തി തൊണ്ണൂറ്റി ഒൻപതായിരത്തി അറുനൂറ്റി മുപ്പത്തൊന്ന് രൂപ മാത്രം) **CRDP** യുടെ ഹെഡിൽ നിന്നും **(4217 01 800 99 CAPITAL REGION DEVELOPMENT PROJECT(Plan - Charged)** ജില്ലാകളക്ടർക്ക് നൽകുന്നതിലേക്കായി പരാമർശം **(5)** പ്രകാരം നഗരകാര്യ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ തദ്ദേശ സ്വയംഭരണ പൊതു സർവ്വീസ് രൂപീകരിച്ചതിനു ശേഷം **2024-25** സാമ്പത്തിക വർഷം മുതൽ തസ്വഭവ പ്രിൻസിപ്പൽ ഡയറക്ടറെയാണ് **(996C) CCO**-യായി സർക്കാർ ചുമതലപ്പെടുത്തിയിട്ടുള്ളത് എന്നും മേൽ തുക ജില്ലാകളക്ടറുടെ **61BA01** എന്ന **SCO** കോഡിലേക്ക് അനുവദിച്ചു നൽകുന്നതിനായി **SCO** കോഡ് **BAMS**-ൽ മാപ്പ് ചെയ്യുവാൻ സാധിച്ചിരുന്നില്ല എന്നും തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു

**3. Original CCO** ആയ പ്രിൻസിപ്പൽ സെക്രട്ടറിക്ക് തന്നെ **(67 DL) CRDP** യുടെ ഹെഡിൽ നിന്നും **(4217 01 800 99 CAPITAL REGION DEVELOPMENT**

PROJECT(Plan - Charged) മേൽ തുക ജില്ലാകളക്ടറുടെ 61BA01 എന്ന SCO കോഡിലേക്ക് നേരിട്ട് അനുവദിച്ചു നൽകുന്നതിനും തുക കോടതിയിൽ അടവാക്കുന്നതും സാധ്യമാക്കുന്നതിനായി ലാൻഡ് റെവന്യൂ കമ്മീഷണറെ (61BA) പ്രസ്തുത ഹെഡിന്റെ CCO ക്രോസ്സ് മാപ് ചെയ്ത് പരാമർശം (6) പ്രകാരം ഉത്തരവ് പുറപ്പെടുവച്ചിരുന്നു. തുടർന്ന് മേൽ പരാമർശിച്ച തുക CRDP യുടെ ഹെഡിൽ നിന്നും (4217 01 800 99 CAPITAL REGION DEVELOPMENT PROJECT(Plan - Charged) ജില്ലാകളക്ടറുടെ 61BA01 എന്ന SCO കോഡിലേക്ക് അനുവദിച്ചു നൽകുന്നതിന് അനുമതി നൽകി പരാമർശം (7) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. മേൽ ഉത്തരവിനെ തുടർന്ന് 07.03.2025-ൽ ജില്ലാകളക്ടർ 167/07 കേസിന്റെ ഭാഗമായി ഉൾപ്പെടയുള്ള തുക അടവാക്കിയിരുന്നുവെന്നും, തുക അനുവദിച്ച ഉത്തരവിൽ പരിഗണിച്ചിരുന്ന 30.11.2024 വരെയുള്ള കാലയളവ്, തുക കെട്ടിവച്ച തീയതിയായ 07.03.2025 എന്നതിലേക്ക് മാറിയപ്പോൾ 167/07 കേസിൽ ആകെ 34174.15 രൂപ ബാക്കി ആയതായും പ്രസ്തുത തുക 31.12.2025 ആകുമ്പോൾ പലിശ ഉൾപ്പെടെ 38373.35 രൂപ ആകുമെന്നും മേൽ സാഹചര്യത്തിൽ 167/07 കേസിൽ തുക പൂർണ്ണമായും അടവാക്കുന്നതിനു 31.12.2025വരെ അധികരിച്ച തീയതി അടിസ്ഥാനപ്പെടുത്തിയുള്ള 38373 രൂപ അടവാക്കേണ്ടതുണ്ട് എന്നും തിരുവനന്തപുരം ജില്ലാകളക്ടറുടെ റിപ്പോർട്ടിൻ പ്രകാരം തദ്ദേശസ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (8) പ്രകാരം ആവശ്യപ്പെട്ടിരുന്നു. തുടർന്ന് 31.01.2026 അധികരിച്ച തീയതി അടിസ്ഥാനപ്പെടുത്തി അനുവദിക്കേണ്ട തുക 38,809 രൂപയാണ് എന്ന് തിരുവന്തപുരം ജില്ലാകളക്ടറുടെ പരമാർശം (9) കത്തിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (10) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു.

4. ഈഞ്ചയ്ക്കൽ ബസ് ടെർമിനൽ നിർമ്മാണത്തിനു വേണ്ടി ഭൂമി പൊന്നുംവിലയെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ 167/07 കേസിൽ അടവാക്കേണ്ട ബാക്കി തുക അനുവദിച്ചു നൽകുന്നതിന്, പ്രിൻസിപ്പൽ സെക്രട്ടറി (67 DL) CCO ആയ CRDP യുടെ ഹെഡിൽ (4217 01 800 99 CAPITAL REGION DEVELOPMENT PROJECT(Plan - Charged) 39000/- രൂപയുടെ അധിക ധന അനുമതി നൽകി പരാമർശം (11) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

5. സർക്കാർ ഇക്കാര്യം പരിശോധിച്ചു. തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി ഈഞ്ചയ്ക്കൽ ബസ് ടെർമിനൽ നിർമ്മാണത്തിനു വേണ്ടി ഭൂമി പൊന്നുംവിലയ്ക്കെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ 167/07 കേസിൽ ബാക്കി തുക അടവാക്കുന്നതിലേക്കായി 38,809/- രൂപ (മുപ്പത്തി എണ്ണായിരത്തി എണ്ണൂറ്റി ഒൻപത് രൂപ മാത്രം) പ്രിൻസിപ്പൽ സെക്രട്ടറി (67 DL) CCO ആയ CRDP യുടെ ഹെഡിൽ നിന്നും (4217 01 800 99 CAPITAL REGION DEVELOPMENT PROJECT(Plan - Charged) തിരുവനന്തപുരം ജില്ലാകളക്ടറുടെ

**61BA01** എന്ന **SCO** കോഡിലേക്ക് അനുവദിച്ചു നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**6.** എൽ.എ.ആർ **167/07** കേസിൽ മേൽ പരാമർശിച്ച തുക കോടതിയിൽ സമയബന്ധിതമായി അടവാക്കുന്നതിനു തിരുവനന്തപുരം ജില്ലാകളക്ടർ അടിയന്തരമായി നടപടി സ്വീകരിക്കേണ്ടതാണ്. നിലവിലെ സാമ്പത്തിക വർഷം അവസാനിക്കുന്നതിന് മുമ്പ് പരാമർശം **(11)** പ്രകാരമുള്ള അധിക ചെലവ് **re-appropriation of savings** മുഖേന ക്രമപ്പെടുത്തുന്നതിനുള്ള പ്രൊപ്പോസൽ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**G RAMANATH**

**DEPUTY SECRETARY**

ലാൻഡ് റവന്യു കമ്മീഷണർ, തിരുവനന്തപുരം
ജില്ലാകളക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്,തിരുവനന്തപുരം
സ്പെഷ്യൽ ഓഫീസർ, ക്യാപിറ്റൽ റീജിയൺ ഡെവലപ്മെന്റ് പ്രോജക്ട്
ചെയർമാൻ ആൻഡ് മാനേജിങ് ഡയറക്ടർ, കെ.എസ്.ആർ.ടി.സി
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്**I** /ആഡിറ്റ് **II** ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി
ട്രാൻസ്പോർട്ട് (എ ) വകുപ്പ്
ധനകാര്യ (ഡവലപ്മെന്റ് ) വകുപ്പ് **(Dev2/95/2022/Fin)**

ഉത്തരവിൻ പ്രകാരം

Signed by
Shaija R M
Date: 22-01-2026 14:53:39
സെക്ഷൻ ഓഫീസർ

പകർപ്പ്-

തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി എസ്-ന്
തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്